ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി പ്രവർത്തനം ആരംഭിച്ച ഓഫീസായതിനാൽ ഇപ്പോൾ നടപ്പി ലാക്കിവരുന്ന കമ്പ്യൂട്ടർവല്ക്കരണ കരാറിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ഓഫീസ് കമ്പ്യൂട്ടർ വല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണിയൻ പുഴയിൽനിന്നുള്ള ഉപ്പുവെള്ളം തടയാൻ നടപടി

156 (3590) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലാ അതിർത്തിയായ കണിയൻ പുഴയിൽ നിന്നും വ്യാപക മായി ഉപ്പ് വെള്ളം കയറി ഏക്കർ കണക്കിന് നെൽകൃഷി നശിക്കുന്നതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിലെ നിലവിലുള്ള തലീബാൽ ഉപ്പുവെള്ള പ്രതിരോധ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ 150 ലക്ഷം രൂപ ചെലവുവരുന്ന പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റി ബിൽ കുടിശ്ശിക

157 (3591) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിക്ക് 1-4-2011-ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുടാപ്പ്, പഞ്ചായത്ത്, വാട്ടർ കണക്ഷൻ ഉപയോഗത്തിനു വെള്ളക്കരം, ഫൈൻ, പിഴപ്പലിശ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര ; ഈ തുക 1-4-2012, 1-4-2013, 1-4-2014, 1-4-2015-ൽ എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly